14467
24/8/19

File No.FWLD-D2/1/2019-FWLD

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

വനം വന്യജീവി വകുപ്പ് – 'ബുദ്ധമയൂരി' അഥവാ Malabar Banded Peacock (Papilio buddha) യെ സംസ്ഥാന ചിത്രശലഭമായി പ്രഖ്യാപിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

വനംവന്യജീവി(ഡി)വകുപ്പ്

**സ.ഉ.(സാധാ) നം.98/2019/വനം** തീയതി,തിരുവനന്തപുരം, 05/03/2019

പരാമർശം:- 1 സംസ്ഥാനവന്യജീവി ബോർഡിന്റെ 12/11/2018 തീയതിയിലെ യോഗതീരുമാനങ്ങൾ

2 പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ (വന്യജീവി വിഭാഗം)21/01/2019-ലെ WL116776/2018 നമ്പർ കത്ത്.

<u>ഉത്തരവ്</u>

സംസ്ഥാനവന്യജീവി ബോർഡിന്റെ 12/11/2018 തീയതിയിലെ യോഗതീരുമാന പ്രകാരം കേരള സംസ്ഥാനത്തിന്റെ ഔദ്യോഗിക ചിത്രശലഭമായി "ബുദ്ധ മയൂരി" അഥവാ Malabar Banded Peacock (Papilio buddha) യെ നിർദ്ദേശിക്കുന്നതിനുള്ള ശുപാർശ പരാമർശം (2) പ്രകാരം പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ(വന്യജീവി വിഭാഗം) സർക്കാരിലേക്ക് സമർപ്പിച്ചിരുന്നു.

2. കേരളത്തിൽ പൊതുവായി കണ്ടുവരുന്നതും സംരക്ഷണപ്രാധാന്യമുള്ളതുമായ ഈ ചിത്രശലഭം രൂപഭംഗിയാൽ ഈ മേഖലയിൽ കാണപ്പെടുന്ന മറ്റു ചിത്രശലഭങ്ങളിൽ നിന്നും വേറിട്ടുനിൽക്കുന്നു. ആകാരഭംഗി കൊണ്ടും സംരക്ഷണ പ്രാധാന്യം കൊണ്ടും പ്രത്യേക പരിഗണന അർഹിക്കുന്ന "ബുദ്ധ മയൂരി" അഥവാ Malabar Banded Peacock (Papilio buddha) യെ സംസ്ഥാന ചിത്രശലഭമായി പ്രഖ്യാപിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഡോ .എ .ജയതിലക് ഐ.എ.എസ്

പ്രിൻസിപ്പൽ സെക്രട്ടറി

പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വന്യജീവി വിഭാഗം)
& ചീഫ് വൈൽഡ് ലൈഫ് വാർഡൻ, കേരള, തിരുവനന്തപുരം.
ഇൻഫർമേഷൻ & പബ്ലിക്ക് റിലേഷൻസ് വകുപ്പ്(സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിലേയ്ക്കായി)
കരുതൽ ശേഖരം/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ